# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.06.2024**

## പ്രധാനവാർത്തകൾ

1). **തുടർച്ചയായ മൂന്നാം വട്ടവും ശ്രീ. നരേന്ദ്രമോദി പ്രധാനമന്ത്രിയായി ചുമതലയേറ്റു. കർഷകരുടെ ക്ഷേമം ഉറപ്പാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി.**

2). **സംസ്ഥാനത്തെ മദ്യനയവുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്ന് നിയമസഭയിൽ പ്രതിപക്ഷ ബഹളം.**

3). **പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥൻറെ മരണത്തിൽ നിയമനടപടി സ്വീകരിക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

4) **ഓണത്തിന് മുമ്പ് സംസ്ഥാനത്ത് ആയിരം കെ-സ്റ്റോറുകൾ പ്രവർത്തനസജ്ജമാകുമെന്ന് മന്ത്രി ജി.ആർ അനിൽ.**

5). **ട്വൻറി- 20 ലോക കപ്പ് ക്രിക്കറ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക - ബംഗ്ലാദേശ് പോരാട്ടം.**

************************************************

RNU TVPM

**ആദ്യ മന്ത്രിസഭാ യോഗം**

പുതിയ കേന്ദ്രമന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റതിന് പിന്നാലെ, ഇന്ന് ആദ്യ മന്ത്രിസഭാ യോഗം ചേർന്നേക്കും. വൈകുന്നേരത്തോടെയാണ് യോഗം നടക്കാൻ സാധ്യത. അതേസമയം, മൂന്നാം വട്ടവും പ്രധാനമന്ത്രിയായ ശ്രീ. നരേന്ദ്രമോദി ഇന്ന് ഓഫീസിലെത്തി ചുമതലയേറ്റു. പി.എം കിസാൻ നിധിയുമായി ബന്ധപ്പെട്ട ഫയലിലാണ് പ്രധാനമന്ത്രി ആദ്യമായി ഒപ്പുവച്ചത്. കർഷകരുടെ ക്ഷേമം ഉറപ്പാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്നലെ വൈകുന്നേരം രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും 71 മന്ത്രിമാരുമാണ് സത്യപ്രതിജ്ഞ ചെയ്തത്. കേരളത്തിൽ നിന്ന് സുരേഷ് ഗോപി, ജോർജ് കുര്യൻ എന്നിവരും കേന്ദ്ര സഹമന്ത്രിമാരായി ഇന്നലെ സത്യപ്രതിജ്ഞ ചെയ്തു. മന്ത്രിമാരിൽ 30 പേർ ക്യാബിനറ്റ് പദവിയുള്ളവരും, 5 പേർ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിമാരുമാണ്. ഘടകകക്ഷികളിൽ നിന്നുള്ള 11 പേരാണ് മന്ത്രിസഭയിൽ അംഗമായത് . 7 വനിതാ മന്ത്രിമാരിൽ നിർമ്മലാ സീതാരാമനും, അന്നപൂർണ്ണാ ദേവിയും ക്യാബിനറ്റ് പദവിയിലുള്ള മന്ത്രിമാരാണ്. സത്യപ്രതിജ്ഞയ്ക്ക് ആശംസകൾ അറിയിച്ച ലോകനേതാക്കൾക്കും വ്യവസായ പ്രമുഖർക്കും പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തി.

****************************************

**പതിനഞ്ചാം കേരളനിയമസഭ**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിന് തുടക്കമായി. 2024-25 സാമ്പത്തിക

RNUTVPM

വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകൾ വിശദമായി ചർച്ച ചെയ്ത് പാസാക്കുന്നതിനാണ് പ്രധാനമായും സമ്മേളനം ചേരുന്നത്.
***************************************

## <u>പ്രതിപക്ഷ വാക്കൗട്ട്</u>

മദ്യനയുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ ബഹളം. വിഷയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം നടുത്തളത്തിലിറങ്ങി ബഹളം തുടരുകയാണ്. സംസ്ഥാനത്തെ മദ്യ നയം അട്ടിമറിച്ച സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്തു നിന്നും റോജി എം ജോൺ ആണ് അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകിയത്. സംസ്ഥാനത്ത് പുതിയ മദ്യനയം ഇതുവരെ ആവിഷ്കരിച്ചിട്ടില്ലെന്ന് മന്ത്രി എം ബി രാജേഷ് മറുപടിയായി പറഞ്ഞു. പ്രാഥമിക ചർച്ച പോലും നടത്തിയിട്ടില്ലാത്ത വിഷയം സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്ന് മന്ത്രി അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.
***************************************

## <u>മുഖ്യമന്ത്രി – (ഇൻട്രോ)</u>

പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർത്ഥി സിദ്ധാർത്ഥൻറെ മരണത്തിൽ നിയമനടപടി സ്വീകരിക്കുന്നതിൽ സർക്കാരിന് വീഴ്ച പറ്റിയിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സിബിഐ അന്വേഷണം ആവശ്യപ്പെട്ട അന്ന് തന്നെ അന്വേഷണത്തിനുള്ള ഉത്തരവ്

RNU TVPM

സർക്കാർ പുറത്തിറക്കിയതായും മുഖ്യമന്ത്രി
നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു.
(ഹോൾഡ് വോയ്സ് സിഎം................)
**************************************

**<u>നിയമസഭ ജി.ആർ അനിൽ 2</u>**

ഓണത്തിന് മുൻപ് സംസ്ഥാനത്ത് ആയിരം കെ
സ്റ്റോറുകൾ പ്രവർത്തന സജ്ജമാകുമെന്ന് മന്ത്രി ജി
ആർ അനിൽ. നിയമസഭയിൽ ചോദ്യോത്തര വേളയിൽ
സംസാരിക്കുകയായിരുന്നു മന്ത്രി. നിലവിൽ സംസ്ഥാനത്ത്
488 റേഷൻ കടകളാണ് കെ സ്റ്റോറുകളായി പ്രവർത്തിച്ചു
വരുന്നത്. ഏപ്രിൽ 30 വരെ <u>നാല് കോടി 26 ലക്ഷം</u> രൂപയുടെ
വില്പന കെ സ്റ്റോറുകളിൽ നടന്നിട്ടുണ്ടെന്നും മന്ത്രി
ജി ആർ അനിൽ അറിയിച്ചു.
**************************************

RNU TVPM

**<u>നിയമസഭ - ജി.ആർ അനിൽ</u>**

സംസ്ഥാനത്ത് മുൻഗണനാ കാർഡുകളുടെ എണ്ണം
വർധിപ്പിക്കാൻ നടപടി എടുക്കണം എന്നാവശ്യപ്പെട്ട്
കേന്ദ്ര സർക്കാരിന് കത്ത് നൽകിയെന്ന് മന്ത്രി
ജി ആർ അനിൽ. നിയമസഭയിൽ ചോദ്യോത്തരവേളയിലാണ്
മന്ത്രി ഇക്കാര്യം പറഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്ന
ശേഷം വിവിധ വിഭാഗങ്ങളിലായി നാല് ലക്ഷത്തി അൻപത്തി
ഒൻപതിനായിരത്തി 409 പേർക്ക് പുതുതായി റേഷൻ കാർഡ്
നൽകിയെന്നും മന്ത്രി അറിയിച്ചു.

**************************************

**<u>ആരോഗ്യമന്ത്രി</u>**

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ്. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ആരോഗ്യവകുപ്പിൽ ആകെ 9733 ഡോക്ടർമാർ നിലവിൽ സേവനമനുഷ്ഠിക്കുന്നതായി മന്ത്രി വ്യക്തമാക്കി.

**************************************

**<u>പ്രഭാവർമ്മ - അനുമോദനം</u>**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ സരസ്വതി സമ്മാനം നേടിയ കവി പ്രഭാവർമ്മയെ അനുമോദിച്ചു. ശ്രീ പ്രഭാവർമ്മയുടെ 'രൗദ്രസാത്വികം' എന്ന കൃതിക്ക് ലഭിച്ച അംഗീകാരത്തിലൂടെ നാടും ഭാഷയും ആദരിക്കപ്പെട്ടതായി സഭ വിലയിരുത്തി.

**************************************

RNUTVPM

**<u>ജമ്മു കശ്മീർ - ഭീകരാക്രമണം</u>**

ജമ്മു കശ്മീരിലെ റെയ്സി ജില്ലയിൽ തീർത്ഥാടകർ സഞ്ചരിച്ച ബസിനുനേരെ ഉണ്ടായ ഭീകരാക്രമണത്തെ തുടർന്ന് മരിച്ചവരുടെ എണ്ണം 10 ആയി. വെടിവെപ്പിനെ തുടർന്ന് നിയന്ത്രണം നഷ്ടപ്പെട്ട ബസ് കൊക്കയിലേക്ക് മറിയുകയായിരുന്നു. സംഭവത്തിൻറെ പശ്ചാത്തലത്തിൽ സുരക്ഷാ സേന പ്രദേശത്ത് ഭീകരർക്കായുള്ള തിരച്ചിൽ ഊർജ്ജിതമാക്കി. ശിവഘോരിയിലെ ഗുഹാ ക്ഷേത്രം സന്ദർശിച്ച് മടങ്ങിയ തീർത്ഥാടകരുടെ ബസിന് നേരെയാണ് ആക്രമണമുണ്ടായത്. സംഭവത്തെ രാഷ്ട്രപതി ദ്രൗപദി മുർമു,

കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ് നാഥ് സിങ് എന്നിവർ അപലപിച്ചു.

***************************************

## എൽ.ഡി.എഫ് യോഗം

LDF സംസ്ഥാന സമിതിയോഗം ഇന്ന് വൈകിട്ട് തിരുവനന്തപുരം AKG സെൻററിൽ ചേരും. ഒഴിവ് വരുന്ന രാജ്യസഭാസീറ്റുകളിൽ മുന്നണി സ്ഥാനാർത്ഥികളെ തീരുമാനിക്കാനാണ് യോഗം ചേരുന്നത്. സ്ഥാനാർത്ഥി നിർണയം സംബന്ധിച്ച് CPI, കേരള കോൺഗ്രസ് എം എന്നിവരുമായി ചർച്ച നടത്തും.

***************************************

## രാഹുൽഗാന്ധി വയനാട്ടിൽ

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഈ മാസം 12 ന് വയനാട് പാർലമെൻറ് മണ്ഡലത്തിൽ എത്തുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി ജനറൽ കൺവീനർ എ.പി.അനിൽകുമാർ എം.എൽ.എ അറിയിച്ചു. യു .ഡി. എഫ് നേതാക്കളുമായി ഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ച്ചയിലാണ് നന്ദി പര്യടന തീയതി സംബന്ധിച്ച് തീരുമാനമായത് .

RNU TVPM

***************************************

## കെ സുരേന്ദ്രൻ

ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതു- വലത് മുന്നണികളുടെ വോട്ട് ബാങ്കിൽ വൻ ചോർച്ച ഉണ്ടായതായി ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. ഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇടത് മുന്നണിയുടെ അടിത്തറ ഇളകിയതായും കെ സുരേന്ദ്രൻ അഭിപ്രായപ്പെട്ടു.

കേരളത്തിന് 2 കേന്ദ്രമന്ത്രി പദം ലഭിച്ചത് സംസ്ഥാനത്തിന് ഏറെ സഹായകരമാകുമെന്നും കെ സുരേന്ദ്രൻ പറഞ്ഞു.
**************************************

## സിക്കിം മുഖ്യമന്ത്രി

സിക്കിം മുഖ്യമന്ത്രിയായി പ്രേം സിങ് തമാങ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഗാങ്ടോക്കിലെ പാൽജോർ സ്റ്റേഡിയത്തിൽ വൈകിട്ട് നാലിനാണ് സത്യപ്രതിജ്ഞാ ചടങ്ങ്. മുഖ്യമന്ത്രിയോടൊപ്പം മറ്റു മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേൽക്കും. ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ സത്യവാചകം ചൊല്ലിക്കൊടുക്കും. ഇത് രണ്ടാം തവണയാണ് ശ്രീ തമാങ് മുഖ്യമന്ത്രിയാകുന്നത്.
**************************************

## കാലാവസ്ഥ - സംസ്ഥാനം

കേരളത്തിൽ അടുത്ത നാല് ദിവസം ശക്തമായ കാറ്റിനും വ്യാപക മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, കർണ്ണാടക ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.
**************************************

## ഖനനനിരോധനം പിൻവലിച്ചു

കോട്ടയത്ത് മഴയുടെ തോത് കുറഞ്ഞ സാഹചര്യത്തിൽ ഖനന പ്രവർത്തികൾക്ക് ഏർപ്പെടുത്തിയ നിരോധനം നിലവിൽ പിൻവലിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.
**************************************

RNU TVPM

## ക്രിക്കറ്റ്

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക - ബംഗ്ലാദേശിനെ നേരിടും. രാത്രി 8 മണിക്ക് ന്യൂയോർക്കിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ, പാകിസ്ഥാനെ 6 റൺസിന് പരാജയപ്പെടുത്തിയിരുന്നു.

****************************************

## ശിശുക്ഷേമ സമിതി

ശിശുക്ഷേമ സമിതിയിലെ കുട്ടികൾക്ക് സാധനങ്ങൾ നൽകാൻ താൽപര്യമുള്ളവർക്കായി വെബ്സൈറ്റ് തയ്യാറാക്കുന്നു. ലോകത്തിൻറെ ഏത് കോണിലിരുന്നും സംസ്ഥാന ശിശുക്ഷേമ സമിതിയ്ക്ക് ഇതിലൂടെ സഹായം എത്തിക്കാം. സമിതിയിലേക്ക് ആവശ്യമുള്ള സാധനങ്ങൾ www.ivteshop./donate എന്ന വെബ്സൈറ്റിൽ ഉൾപെടുത്തിയിട്ടുണ്ട്. മറ്റ് ഷോപ്പിംഗ് സൈറ്റുകൾ പോലെ സാധനങ്ങൾ സെലക്ട് ചെയ്ത് സംഭാവനകൾ നൽകാൻ കഴിയുന്ന രീതിയിലാണ് വെബ്സൈറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഓർഡർ ചെയ്യുന്ന സാധനങ്ങൾ സമിതിയിൽ എത്തുമ്പോഴും അറിയിപ്പും ലഭിക്കും.

RNUTVPM

****************************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. റെക്കോർഡ് നേട്ടത്തോടെ വ്യാപാരം ആരംഭിച്ചെങ്കിലും ബോംബെ ഓഹരി സൂചിക സെൻസെക്സ് 32 പോയിൻറ് നഷ്ടത്തിൽ 76,699- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 32 പോയിൻറ് നേട്ടത്തിൽ 23,323- ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണ വിലയിൽ തുടർച്ചയായ മൂന്നാം ദിവസവും മാറ്റമില്ല. പവന് 52,560 രൂപയും ഗ്രാമിന് 6,570 രൂപയുമാണ ് ഇന്നത്തെ വില.

****************************************

**<u>കവചം</u>**

കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൈറണുകളുടെ പ്രവർത്തന പരീക്ഷണം വരും ദിവസങ്ങളിൽ നടക്കും. 85 സൈറണുകളുടെ പ്രവർത്തന പരീക്ഷണം നാളെ നടത്തും.

****************************************

**<u>കണ്ണൂർ ഹൈവേ - തെളിവെടുപ്പ്</u>**

നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ സാമൂഹ്യാഘാത പഠനത്തിൻ്റെ ഭാഗമായി കണ്ണൂരിൽ തെളിവെടുപ്പ് ആരംഭിച്ചു. മുഴപ്പിലങ്ങാട് ധർമ്മടം പഞ്ചായത്തുകളിലുള്ളവർക്ക് വേണ്ടി രാവിലെ മുഴപ്പിലങ്ങാട് കമ്മ്യൂണിറ്റി ഹാളിലാണ് തെളിവെടുപ്പ് നടക്കുന്നത്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിൻ്റെ നേതൃത്വത്തിൽ ആണ് പഠനം നടത്തിയത് നാളെ അഴിക്കോട് ആണ് തെളിവെടുപ്പ്.

****************************************

****************************************

*****************

RNUTVPM